# സഹിതം

## കുട്ടിയെ അറിയുക കുട്ടിയെ വളർത്തുക

നന്നായി പഠിക്കാൻ കുട്ടികളെ പ്രാപ്തമാക്കുക എന്നത് ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിന്റെ ലക്ഷണമാണ്. പുതിയകാലത്തിനായുള്ള പഠനശേഷികൾ സ്വായത്തമാക്കുന്നതിലൂടെയാണ് ഇത് സാധ്യമാകുന്നത്. പഠനത്തിൽ കൂട്ടായപ്രവർത്തനത്തിനും വൈയക്തിക പ്രവർത്തനത്തിനും അതിന്റേതായ സ്ഥാനമുണ്ട്. അതുകൊണ്ട് തന്നെ ഒരു ക്ലാസ്സ് എന്നതിനപ്പുറം പഠനസന്ദർഭത്തിൽ ഓരോ കുട്ടിയും ഓരോ പഠനയൂണിറ്റായി പരിഗണിക്കപ്പെടേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം മുന്നോട്ട് വെച്ച പ്രധാനപ്പെട്ട ഒരാശയമാണ് ഇത്. കുട്ടികളുടെ തനത് പഠനവേഗതക്കും താല്പര്യത്തിനുമനുസരിച്ച് പഠിക്കാനും മുന്നേറാനും അവർക്ക് അവസരമൊരുക്കേണ്ടതുണ്ട്. ഇതിനായി കുട്ടികളുടെ പഠനാന്തരീക്ഷത്തിൽ വരുത്തിയ മാറ്റങ്ങൾ ഏറെ ശ്രദ്ധേയമാണ്. ആധുനികമായ പശ്ചാത്തലസൗകര്യവും, പരിസ്ഥിതി സൗഹൃദപരമായ സ്കൂൾ കാമ്പസും, ഡിജിറ്റലും അല്ലാതെയും ഉള്ള പഠനവിഭവങ്ങളുടെ ലഭ്യതയും ഇന്ന് കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. എന്നാൽ തന്റെ പഠനസന്ദർഭത്തിൽ ഇവയുടെ ഫലപ്രദമായ ഉപയോഗം കുട്ടിയെ സംബന്ധിച്ചിടത്തോളം ഏറെ പ്രധാനമാണ്. പുതിയകാലത്തിന് അനുയോജ്യമാംവിധം കുട്ടികളെ ഒരുക്കാൻ പൊതുവിദ്യാഭ്യാസത്തിന് സാധ്യമാകുമ്പോഴാണ് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നാം ഉറപ്പുവരുത്തി എന്ന് പറയാനാകുക. സർഗ്ഗാത്മകതയുടെ, വിമർശനാവബോധത്തിന്റെ, ആശയ വിനിമയ ക്ഷമതയുടെ വ്യത്യസ്തമാർന്ന പ്രയോഗമാണ് കുട്ടികളെ ഇവിടെ സഹായിക്കുക. ഇവിടെയെല്ലാം കുട്ടികൾക്ക് സഹായകരമാകുന്നത് അവരുടെ അന്വേഷണഭാവമാണ്. അന്വേഷണം സാധ്യമാകുന്നതാകട്ടെ കുട്ടിയുടെ പരിപൂർണ്ണമായ പങ്കാളിത്വത്തോടുകൂടിയ പഠനപ്രവർത്തനത്തിലൂടെയാണ റാനും. അതുകൊണ്ടുതന്നെ അദ്ധ്യാപിക നേരിടുന്ന പ്രധാന വെല്ലുവിളി എങ്ങിനെ തന്റെ കുട്ടിയുടെ സജീവമായി പഠനപങ്കാളിത്വം ഉറപ്പുവരുത്താം എന്നതാണ്. ഇതിനായി മുന്നോട്ടുവെക്കുന്ന പദ്ധതിയാണ് സഹിതം എന്നത്.

സജീവമായ പഠനപങ്കാളിത്വത്തിന്റെ മുന്നുപാധിയാണ് കുട്ടിയുടെ ആത്മവിശ്വാസം. ആത്മവിശ്വാസമുള്ള പഠിതാവായി കുട്ടിയെ നിലനിർത്തുന്നതിൽ പ്രധാനപങ്കുവഹിക്കുന്നത് അദ്ധ്യാപകരാണ്. കുട്ടികളെ മനസ്സിലാക്കി അവരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് അതവരെ ബോധ്യപ്പെടുത്തുക എന്നത് അതിൽ പ്രധാനമാണ്. അതോടൊപ്പം തന്നെ അവരുടെ പരിമിതികൾ പരിഹരിക്കാൻ സഹായിക്കുക എന്നതും പ്രധാനം തന്നെ. കുട്ടിയുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിലും പഠനപങ്കാളിത്വം ഉറപ്പുവരുത്തുന്നതിലും അദ്ധ്യാപികയും കുട്ടിയും തമ്മിൽ നിലനില്ക്കുന്ന സ്നേഹോഷ്മള ബന്ധം ഏറെ സഹായകരമാണ് . ജീവിതത്തിന്റെ സുഗമമായ മുന്നോട്ട് പോക്കിനെ തടസ്സപ്പെടുത്തുന്ന പ്രതിസന്ധികളോ ജീവിതപ്രാരാംബ്ധങ്ങളോ കുടുംബത്തെ മാത്രമല്ല കുട്ടികളേയും ബാധിക്കുന്നു എന്ന നിരീക്ഷണമുണ്ട്. പരീക്ഷയിൽ ഗ്രേഡോ സ്കോറോ കുറയുമ്പോൾ, അദ്ധ്യാപകരിൽ നിന്ന് അപ്രതീക്ഷിതമായ പ്രതികരണങ്ങൾ ഉണ്ടാകുമ്പോൾ , തങ്ങൾ ഉദ്ദേശിച്ച രീതിയിൽ കാര്യങ്ങൾ നടന്നില്ലെങ്കിൽ ആത്മഹത്യ വരെ എത്തുന്ന നടപടികൾ കുട്ടികൾക്കിടയിൽ ഇപ്പോൾ സാധാരണമായി വരുന്നു. കുട്ടികളുടെ ലഹരിഉപയോഗമടക്കമുള്ള ദുഃശ്ശീലങ്ങളേയും നാം പരിഗണിക്കേണ്ടതുണ്ട്. ഒപ്പം തന്നെ അടിസ്ഥാനപരമായ ഭാഷാശേഷിയും ഗണിതചിന്തയും കുട്ടിക്ക്

ആർജ്ജിക്കാനാകുന്നില്ല എന്ന വിമർശനവും നിലനില്ക്കുന്നു. ഇവിടെയെല്ലാം നാം കാണുന്നത് അതത് സമയത്ത് കുട്ടികളെ കേൾക്കാനും അവരുടെ പഠനപ്രയാസങ്ങൾ തിരിച്ചറിയാനും സഹായിക്കാനും ഉണ്ടാകേണ്ടവർ ഉണ്ടായില്ല എന്ന വിമർശനമാണ്.

ഇവിടെയാണ് തന്റെ കുട്ടിയെ നിരന്തരം പിന്തുടരുന്ന അധ്യാപികയുടെ പ്രസക്തി. അധ്യാപികയുടെ നിരീക്ഷണ കണ്ണ് സ്കൂളിനു പുറത്തേക്ക് കുട്ടികളുടെ വീട്ടിലേക്കും നാട്ടിലേക്കും നീളണം. കുട്ടിയുടെ പഠനശീലങ്ങളേ, അതിനെ സ്വാധീനിക്കുന്ന സാമൂഹിക ശേഷികളെ തുടർച്ചയായി നിരീക്ഷിച്ചു കൊണ്ടിരിക്കണം. കേൾക്കലും ഓർമ്മിക്കലും ആവർത്തിക്കലും എന്നതിൽ നിന്നു മാറി അന്വേഷിക്കലും അപഗ്രഥിക്കലും പ്രയോഗിക്കലും അവതരിപ്പിക്കലും എന്നതിലേക്ക് കുട്ടിയുടെ പഠനശീലം മാറുന്നില്ലേ എന്നതായിരിക്കണം അധ്യാപകരുടെ നിരീക്ഷണത്തിന്റെ ഉന്നം. പഠനശീലത്തിൽ അനുഗുണമായ മാറ്റം സംഭവിക്കുന്നില്ലെങ്കിൽ അതിന്റെ കാരണങ്ങളിലേക്ക് അധ്യാപിക തിരിയണം. അത് കേവലം വ്യക്തിപരം മാത്രമാകാൻ സാധ്യതയില്ല. അതിന് സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ കാരണങ്ങളുണ്ടാകും. തീർച്ചയായും ടീച്ചറുടെ നിരീക്ഷണവും തുടർന്നു നടത്തുന്ന ഇടപെടലും കുട്ടിയുടെ അന്വേഷണാവബോധത്തേയും അനുബന്ധപഠനശീലങ്ങളേയും ശക്തിപ്പെടുത്തുന്നതും ഉത്തരവാദിത്വമുള്ള പഠിതാവായി മാറാൻ സഹായിക്കുന്നതും ആയിരിക്കണം. കുട്ടികളെ മനസ്സിലാക്കാനും അവരുടെ പഠനപ്രയാസമടക്കമുള്ള ശക്തിദൗർബല്യങ്ങൾ തിരിച്ചറിയാനും സഹായകസംവിധാനമൊരുക്കാനും ഈ അധ്യാപകപിന്തുണ സഹായകരമാകുന്നു എന്നതാണ് ഇതിന്റെ സവിശേഷത.

ഇവിടെയാണ് Student Profiling എന്ന സങ്കേതം പ്രസക്തമാകുന്നത്. അധ്യാപകരുടെ സഹായത്തിനായുള്ള കൃത്യമായ സൂചകങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന കുട്ടികളുടെ ഡിജിറ്റൽ വ്യക്തിവിവരരേഖ ( Student Profile ) യാണ് സഹിതം പോർട്ടലിൽ ലഭ്യമാക്കുന്നത് . നിരന്തരമായ മെച്ചപ്പെടുത്തലിലൂടെ കുട്ടിക്ക് പഠനത്തിനും തുടർന്നുള്ള ജീവിതത്തിനും സഹായകരമായി തീരുന്ന സമഗ്രവ്യക്തിവികസനരേഖ ( Individual Master Plan ) യുടെ അടിസ്ഥാനമായി ഇത് മാറണം. കുട്ടികളുടെ അടിസ്ഥാന വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒപ്പം തന്നെ സാമൂഹികവും സാംസ്കാരികവും കുടുംബപരവുമായ പശ്ചാത്തലവും പ്രൊഫൈലിൽ രേഖപ്പെടുത്തണം. കൂടാതെ കൗമാരകാലത്തും മറ്റും കുട്ടികൾക്ക് ഏറെ പ്രയാസം സൃഷ്ടിക്കുന്ന പെരുമാറ്റവൈകല്യങ്ങൾക്ക് കാരണമായിതീരുന്ന വിവിധ ഘടകങ്ങളുണ്ട്. അവയിൽ പ്രധാനമാണ് അതാത് സമയത്ത് ആർജ്ജിക്കേണ്ടതായ അനുഗുണമായ സാമൂഹികശേഷികളുടെ അഭാവം. ഉദാഹരണമായി ശ്രദ്ധയോടെ മറ്റുള്ളവരെ കേൾക്കാനുള്ള കഴിവ്, മറ്റുള്ളവരോടൊത്ത് പ്രവർത്തിക്കാനുള്ള കഴിവ് എന്നിങ്ങനെ. തീർച്ചയായും ഇത്തരത്തിലുള്ള സാമൂഹികശേഷികൾ കുട്ടികൾ നേടുന്നു എന്നുറപ്പുവരുത്തൽ നമ്മുടെ ഉത്തരവാദിത്വമാണ്. അതോടൊപ്പം അടിസ്ഥാനപരമായ ഭാഷശേഷികളും ഗണിതചിന്തയും തുടർപഠനത്തെ ഏറെ ഗുണപരമായി സ്വാധീനിക്കും. ഇവയോടൊപ്പം ശാസ്ത്രാഭിമുഖ്യം, സാമൂഹികാവബോധം എന്നിവയും തുടർന്നുള്ള പഠനത്തിനും ജീവിതത്തിനും ഏറെ സഹായകരമാണ്. ഈ മേഖലകളിൽ കുട്ടിക്കുണ്ടാവുന്ന വികാസം നിരന്തരമായി നിരീക്ഷിച്ച് രേഖപ്പെടുത്താൻ സഹിതം പോർട്ടലിൽ സൗകര്യമുണ്ട്. ഇതിനായി താഴെ പറയുന്ന കാര്യങ്ങൾ അധ്യാപകർ ശ്രദ്ധിക്കണം.

1. കുട്ടിയുടെ താല്പര്യമേഖലകൾ സവിശേഷമായ ശേഷികൾ എന്നിവ തിരിച്ചറിയുക. ഇവ സ്വയം തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തമാക്കുക.
2. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടിയുടെ സാധ്യതകൾ മനസ്സിലാക്കുക. അതിനാവശ്യമായ ശേഷികൾ ഏവയെന്ന് കുട്ടിക്ക് മനസ്സിലാകത്തക്കവിധം അവതരിപ്പിക്കുക.

3. കുട്ടിക്ക് ആവശ്യം വേണ്ട ശേഷികൾ വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ
ആസൂത്രണം ചെയ്ത് നടപ്പിലാക്കുക

4. കുട്ടിയുടെ വികാസത്തിന് സഹായകരമാം വിധം ലഭ്യമായ വ്യക്തികളെയും സ്ഥാപനങ്ങ
ളെയും കുട്ടിയുമായി ബന്ധിപ്പിക്കുക.

ഉദ്ദേശ്യങ്ങളായി കൃത്യപ്പെടുത്തുകയും
തുടർന്ന് കുട്ടിയുടെ ലക്ഷ്യത്തെ പ്രായോഗികമായ
തുടർന്ന്
നടപ്പിലാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും വേണം.
പ്രവർത്തനപുരോഗതി സമയാസമയം വിലയിരുത്തി മെച്ചപ്പെടുത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ
നല്കണം.

പ്രവർത്തനക്രമം

- ഓരോ അദ്ധ്യാപകനും/അദ്ധ്യാപികയും മുപ്പതിൽ അധികരിക്കാത്തവിധം കുട്ടികളുടെ ചുമതല
  വൈയക്തിക ശ്രദ്ധക്കായി ഏറ്റെടുക്കണം.തുടർച്ചയായ വർഷങ്ങളിൽ ഈ കുട്ടികൾക്ക് പ്രസ്തുത
  അദ്ധ്യാപകൻ സവിശേഷമായ ശ്രദ്ധയും പിന്തുണയും നല്കണം.
- കുട്ടികളുടെ അടിസ്ഥാനവിവരങ്ങൾ സമ്പൂർണ്ണ പോർട്ടലിൽ ലഭ്യമാണ്. ഒപ്പം തന്നെ
  അതിനപ്പുറമുള്ള സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലവും അദ്ധ്യാപികശേഖരി
  ക്കണം. കുട്ടികളുമായി അനൗപചാരികമായി സംവദിച്ചും ഗൃഹസന്ദർശനം നടത്തിയും കൂടുതൽ
  വിവരങ്ങൾ മനസ്സിലാക്കണം. അദ്ധ്യാപികയുടെ ഗൃഹസന്ദർശനം തികച്ചും വൈകാരികമായി
  ഒരനുഭവം കൂടിയാണ് കുട്ടിക്ക് സമ്മാനിക്കുന്നത്.
- സ്കൂളിൽ കുട്ടികളോട് ഇടപഴകാൻ വിവിധ സന്ദർഭങ്ങൾ അദ്ധ്യാപകർ ഉപയോഗപ്പെടുത്തണം.
  ഉച്ചഭക്ഷണസമയം ഇതിനായി ഉപയോഗപ്പെടുത്താം. ഓരോ ദിവസവും ഓരോരുത്തരോ
  ടൊപ്പം ഭക്ഷണം കഴിക്കാൻ തയ്യാറായാൽ കുട്ടിയെ മനസ്സിലാക്കാനുള്ള നല്ലൊരവസരമായി
  ഇത് ഉപയോഗപ്പെടുത്താം. ഒന്നിച്ചുള്ള യാത്രകൾ തിരിച്ചറിയാനുള്ള മറ്റൊരവസരമാണ്. ഒഴിവു
  ദിവസങ്ങളിലെ **ചെറുയാത്രകൾ, പഠനാവശ്യത്തിനുള്ള ഫീൽഡ്ട്രിപ്പുകൾ** എന്നിവ സ്വാഭാവി
  കമായി ഇടപഴകുന്നതിനുള്ള അവസരങ്ങളായി ഉപയോഗപ്പെടുത്തണം. സ്കൂൾമേളകൾ, ദിനാച
  രണങ്ങൾ, വാർഷികാഘോഷങ്ങൾ, സ്കൂളുമായി ബന്ധപ്പെട്ട സാമൂഹിക പ്രവർത്തനങ്ങൾ
  എന്നിങ്ങനെ ക്ലാസ്സ് മുറിക്ക് പുറത്തുള്ള വിവിധ സന്ദർഭങ്ങളെ കുട്ടിയെ മനസ്സിലാക്കാനായി
  അദ്ധ്യാപികക്ക് ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്.
- വൈകാരികവും സ്നേഹോഷ്മളവുമായ ഈ അദ്ധ്യാപക വിദ്യാർത്ഥി ബന്ധത്തിലൂടെ ലഭിക്കുന്ന
  കുട്ടിയെ കുറിച്ചുള്ള ധാരണയാണ് നമ്മുടെ പ്രവർത്തനങ്ങളുടെ അടിസ്ഥാനം.
- കൃത്യമായ സൂചകങ്ങൾ ഉപയോഗിച്ചാണ് അദ്ധ്യാപകർ കുട്ടിയെ വിലയിരുത്തേണ്ടതും
  തിരിച്ചറിയേണ്ടതും.
- ഗൃഹസന്ദർശനത്തിനും മറ്റുമായി സഹാദ്ധ്യാപകർ, രക്ഷിതാക്കൾ കുട്ടികൾ എന്നിവരുടെ
  സഹായം അദ്ധ്യാപകർ തേടേണ്ടതാണ്.
- അടിസ്ഥാന വിവരങ്ങൾ, സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലം, കുടുംബാന്തരീക്ഷം,
  തനത് ശേഷികൾ , സവിശേഷമായ സഹായം ആവശ്യമുള്ള മേഖലകൾ എന്നിങ്ങനെ ടീച്ചർ
  കുട്ടിക്കായി ഒരുക്കുന്ന ഫോൾ വികസിപ്പിച്ച് കൊണ്ടിരിക്കണം.

- ഒപ്പം തന്നെ ടീച്ചറുടെ ശ്രദ്ധ ചില പ്രത്യേക മേഖലകളിൽ കൂടി പതിയണം. അതിലൊന്ന് കുട്ടിയുടെ ആരായി തീരണം എന്ന ലക്ഷ്യബോധത്തിലാണ്. ചെറിയ ക്ലാസ്സുകളിൽ തന്നെ അത് നിശ്ചയിക്കപ്പെട്ടു കൊള്ളണമെന്നില്ല. എന്നാൽ നമ്മുടെ ഈ സവിശേഷ ശ്രദ്ധ ക്രമേണ കുട്ടികളെ കൂടുതൽ ലക്ഷ്യബോധമുള്ളവരാക്കി മാറ്റും. തീർച്ചയായും അവിടെ എത്തിച്ചേരാൻ ആവശ്യമായ ശേഷികളിൽ എന്തെല്ലാമാണ് സ്കൂൾ പഠനകാലത്ത് നമുക്ക് ഉറപ്പുവരുത്താനാകുക എന്നത് നാം ഇവിടെ പരിഗണിക്കണം.
- സ്കൂൾ കാലത്തും തുടർന്നും അവ നേടിയെടുക്കുന്നതിനായി അദ്ധ്യാപകരുടെയും രക്ഷിതാക്കളുടേയും സഹായത്തോടെ കുട്ടികളുടെ മുൻകൈയ്യിൽ അവരോരോരുത്തർക്കും വേണ്ടി തയ്യാറാക്കുന്ന പഠനപദ്ധതിയാണ് വ്യക്തിഗത സമഗ്ര വികസന പദ്ധതി (Individual Master Plan). ഇത്തരത്തിലൊരു സമഗ്രവികസന പദ്ധതി തയ്യാറാക്കാൻ ആവശ്യമായ വസ്തുനിഷ്ഠ വിവരങ്ങൾ ഉൾക്കൊള്ളുന്നതാവണം നാം തയ്യാറാക്കി നിരന്തരം നവീകരിക്കുന്ന കുട്ടിയുടെ വ്യക്തിവിവരരേഖ (Digital Student profile).

മോണിറ്ററിങ്ങിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

1. ജില്ലാതലത്തിൽ ഡി ഡി ഇ, ഡയറ്റ്പ്രിൻസിപ്പൽ, ഡി ഇ ഒ മാർ, ഡി പി സി, കൈറ്റ് ജില്ലാകോർഡിനേറ്റർ, പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം കോർഡിനേറ്റർ, എസ് ആർ ജി മെമ്പർമാർ എന്നിവർ സഹിതം പ്രവർത്തനങ്ങളുടെ മോണിറ്ററിങ്ങ് സമിതി അംഗങ്ങളാണ്. ഓരോ വിദ്യാഭ്യാസ/സബ്ബ്ജില്ലക്കും ജില്ലാതല മോണിറ്ററിങ്ങ് സമിതിയിലെ ഒരംഗത്തിന് ചുമതല നല്കണം. ഒരു ഉദ്യോഗസ്ഥന് രണ്ടിലധികം സബ്ബ്ജില്ലകളുടെ ചുമതല ഉണ്ടാകരുത്. രണ്ടാഴ്ചയിലൊരിക്കൽ ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്യണം.
2. വിദ്യാഭ്യാസ/സബ്ബ് ജില്ലാതലത്തിൽ ഡി ഇ ഒ/എ ഇ ഒ, ചുമതലയുള്ള ഡയറ്റ് ഫാക്കൽറ്റി മെമ്പർ, ബി പി സി എന്നിവർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കണം.
3. ഓരോ സ്കൂളിനും അക്കാദമിക പിന്തുണനല്കാൻ ഒരുദ്യോഗസ്ഥനെ ചുമതലപ്പെടുത്ത ണം. ഇതിനായി സബ്ബ്ജില്ലാതലത്തിൽ നിയോഗിക്കപ്പെട്ട എ ഇ ഒ, ചുമതലയുള്ള ഡയറ്റ് ഫാക്കൽറ്റി മെമ്പർ, ബി പി സി എന്നിവർക്ക പുറമേ ബി ആർ സി ട്രൈനർമാരെ കൂടി നിയോഗിക്കണം. ട്രൈനർമാരുടെ എണ്ണം ആവശ്യത്തിനില്ലെങ്കിൽ സംസ്ഥാന/ ജില്ലാ റിസോഴ്സ് അംഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്താവു ന്നതാണ്. ആവശ്യമെങ്കിൽ ഒന്നിലധികം സ്കൂളുകളുടെ ചുമതല ഓരാൾക്ക് നല്കാവുന്നതാണ്.

5. ആഴ്ചയിൽ ഒരു തവണയെങ്കിലും അക്കാദമിക് ഉദ്യോഗസ്ഥർ തനിക്ക് ചുമതലയുള്ള സ്കൂൾ സന്ദർശിച്ച് അക്കാദമിക പിന്തുണ നല്കേണ്ടതാണ്. അദ്ധ്യാപകരെ നേരിൽ കണ്ട് അവരുടെ രീതി മനസ്സിലാക്കിയാണ് അക്കാദമിക പിന്തുണ നല്കേണ്ടത്.

7. സഹിതം പ്രവർത്തനങ്ങളുടെ പുരോഗതി സമയാസമയം മനസ്സിലാക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും ഇതോടൊപ്പമുള്ള വിലയിരുത്തൽ ഫോർമാറ്റ് ഉപയോഗിക്കേണ്ടതാണ്.
8. രണ്ടാഴ്ചയിലൊരിക്കൽ സബ്ബ്ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ അവലോകനം ചെയ്യണം.
9. അക്കാദമിക പഠനത്തിനും ഡോക്യുമെന്റേഷനും സംസ്ഥാന പരിശീലനത്തിൽ പങ്കെടുത്ത എസ് ആർ ജി മെമ്പർമാർ നേതൃത്വം നല്കണം.

10. സംസ്ഥാനതലത്തിൽ അക്കാദമിക പ്രവർത്തനങ്ങളുടെ ഏകോപനം എസ് സി ഇ ആർ ടിയാണ് നിർവഹിക്കേണ്ടത്

11. പോർട്ടലിന്റെ സാങ്കേതികമായ സ്ഥാപനവും പരിപാലനവും കൈറ്റിന്റെ ചുമതലയിലാണ് നടത്തേണ്ടത്

പുറത്തെഴുത്ത് നം: 144/17912/2020 തീയതി /12/2020

സർക്കാറിന്റെ ഉത്തരവ് [illegible]

ഉപജില്ലാ ഓഫീസർമാർക്ക് അറിവിലേക്കും, തുടർനടപടികൾക്കുമായി ഇതോടൊപ്പം നൽകുന്നു.

[illegible] 23-12-20

[illegible]

പുറത്തെഴുത്ത് നം-ക5/7194/20/ [illegible] 5/1/21

[illegible]

5/1/21

6/1/21